"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വ്യവസായ വകുപ്പ് - മൈനിംഗ് & ജിയോളജി — 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരം ശ്രീ.ജയകുമാർ.ബി, ശ്രീചക്രം, മാറനല്ലൂർ, കൂവളശ്ശേരി.പി.ഒ, തിരുവനന്തപുരം സമർപ്പിച്ച അപ്പീൽ പെറ്റീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

---

വ്യവസായ (എ) വകുപ്പ്

സ.ഉ.(സാധാ) നം.487/2026/ID തീയതി,തിരുവനന്തപുരം, 25-04-2026

---

പരാമർശം:-

1. തിരുവനന്തപുരം ജില്ലാ ജിയോളജിസ്റ്റിന്റെ 30/07/2024തീയതിയിലെ DOTHI-DMG/3137/2022-Mനമ്പർ ഡിമാന്റ് നോട്ടീസ്
2. ശ്രീ.ജയകുമാർ.ബി, ശ്രീചക്രം, മാറനല്ലൂർ, കൂവളശ്ശേരി.പി.ഒ, തിരുവനന്തപുരം 12.08.2024 ൽ സമർപ്പിച്ച അപ്പീൽ പെറ്റീഷൻ
3. മൈനിംഗ് & ജിയോളജി ഡയറക്ടറുടെ 14/01/2025 ലെ ഡി.എം.ജി/3134/2024-എം1നമ്പർ കത്ത്

**<u>ഉത്തരവ്</u>**

നെടുമങ്ങാട് താലൂക്കിൽ അരുവിക്കര വില്ലേജിൽ ബ്ലോക് 41 ൽ റീസർവ്വേ നമ്പർ 11/16, 11/17-1, 11/17 ൽ പെടുന്നതും ഹർജിക്കാരന്റെ ഉടമസ്ഥതയിലുള്ളതുമായ ഭൂമിയിൽ നിന്നും കെട്ടിടനിർമ്മാണത്തിന്റെ ഭാഗമായി 7574 MT മണ്ണ് നീക്കം ചെയ്യുന്നതിന് തിരുവനന്തപുരം ജിയോളജി ഓഫീസിൽ നിന്നും അനുമതി ഉത്തരവ് നൽകിയിരുന്നു. ജില്ലാ ഓഫീസിൽ ലഭിച്ച അരുവിക്കര SHO യുടെ കത്തിന്റെ അടിസ്ഥാനത്തിൽ താലൂക്ക് സർവ്വയർ നടത്തിയ ടോട്ടൽ സ്റ്റേഷൻ സർവ്വേയിൽ അനുമതിക്ക് വിരുദ്ധമായി മണ്ണ് നീക്കം ചെയ്തതായും അനുമതി നൽകിയ അളവിന് ഉപരിയായി 2772 മെടിക് ടൺ മണ്ണ് നിക്കം ചെയ്തതായും കണ്ടെത്തിയിരുന്നു. ടി പ്രവർത്തി കെ.എംഎംസി ചട്ടങ്ങളുടെ ലംഘനമാകയാൽ വിശദികരണം /ആവശ്യപ്പെട്ട് ടിയാന് നൽകിയ കാരണം കാണിക്കൽ നോട്ടിസിന് ടിയാൻ നൽകിയ മറുപടിയിൽ അപേക്ഷാ വസ്തുവിൽ കുറ്റൻ പാറകൾ ഉള്ളതിനാൽ പാറയുടെ ചറ്റുമുള്ള മണ്ണ് നീക്കം ചെയ്യേണ്ടിവന്നതായും അധികമായി നീക്കം ചെയ്ത മണ്ണ് പുരയിടത്തിൽതന്നെ നിക്ഷേപിച്ചശേഷം ബാക്കിവരുന്ന മണ്ണ് പുറത്തുനീക്കുന്നതിന് അനുമതി നൽകണമെന്ന് അറിയിച്ചിരുന്നു. എന്നാൽ താലുക്ക് സർവ്വയർ സർവ്വേ നടത്തിയതിൽ മണ്ണ് നീക്കുന്നതിന് അനുമതി നൽകിയ ഭൂമിയുടെ പുറത്തു നിന്നും 2772 മെടിക് ടൺ മണ്ണ് ഖനനം ചെയ്തതായാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത് എന്നതിനാൽ അനധികൃതമായി നീക്കം ചെയ്ത 2772 മെടിക് ടൺ സാധാരണ മണ്ണിന് പെനാൽറ്റി ഇനത്തിൽ 2772 x 200 = 55,54,400/- രൂപ ഒടുക്കുവരുത്തുന്നതിന് ആവശ്യപ്പെട്ട് 30.07.2024 തീയതിയിൽ തിരുവനന്തപുരം ജിയോളജിസ്റ്റ് നൽകിയ പരാമർശം (1) പ്രകാരംമുള്ള ഡിമാന്റ് നോട്ടീസിനെതിരെയാണ് ശ്രീ.ജയകുമാർ.ബി, ശ്രീചക്രം, മാറനല്ലൂർ, കൂവളശ്ശേരി.പി.ഒ,

തിരുവനന്തപുരം 12.08.2024 തീയതിയിൽ പരാമർശം (2) പ്രകാരം സർക്കാരിൽ ഒരു അപ്പീൽ ഹർജി സമർപ്പിക്കുകയുണ്ടായി.

2. അപ്പീൽ ഹർജിയുമായി ബന്ധപ്പെട്ട് അപ്പീൽ കക്ഷിയെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും 18/09/2025 ന് അപ്പീൽ അധികാരി നേരിൽ കേട്ടു.

3. ഹീയറിംഗ് വേളയിൽ അപ്പീൽ കക്ഷി ചുവടെ ചേർക്കും പ്രകാരം വാദിച്ചു.

(1) താൻ കരകുളം എസ്.ആർ.ഒ-യിലെ 16/09/2021- ലെ 1788-ാം നമ്പർ വിലയാധാരപ്രകാരം അരുവിക്കര വില്ലേജിലെ പേജ് നം.11/16ലെ 10.75 ആറും, പേജ് നം.11/7 ലെ 3.49 ആറും പേജ് നം.11/17-ലെ 3.40 ആർ വസ്തുവിന്റെ ഉടമസാഥാവകാശം ലഭിച്ചിട്ടുള്ളതും, ആയത് 27266-ാം നമ്പർ തണ്ടപ്പേര് പ്രകാരം വസ്തുവിന് കരം അടച്ചു വരുന്നതുമാകുന്നു. ടി വസ്തു ഒന്നായി സ്ഥിതി ചെയ്യുന്നതുമാകുന്നു. പ്രസ്തുത വസ്തുവിൽ വീട് നിർമ്മിക്കുന്നതിന് അരുവിക്കര ഗ്രാമ പഞ്ചായത്തിൽ നിന്നും പ്ലാനും പെർമിറ്റും ലഭിച്ചിട്ടുള്ളതാകുന്നു.വീടിന്റെ നിർമ്മാണ പ്രവർത്തനത്തിയോടനുബന്ധിച്ച് വസ്തുവിലെ മണ്ണ് മാറ്റുന്നതിൽ നിയമപരമായി മൈനിംഗ് & ജിയോളജി വകുപ്പിന്റെ തിരുവനന്തപുരം ജില്ലാ ഓഫീസിൽ നിന്നും 18/01/2023-ൽ 914/2022-23/ DOTHL-DMG/317/2022 നമ്പറായും 08/03/2023-ൽ 1127/2022-23/DOTHL, DMG/3137/2022 നമ്പറായും അനുമതി നല്കിയിട്ടുള്ളതും അതിൻ പ്രകാരം തനിക്ക് 7575 MT മണ്ണ് നീക്കുന്നതിന് അനുമതി നല്കിയിട്ടുള്ളതുമാകുന്നു. പ്രസ്തുത ഉത്തരവുകളുടെ അടിസ്ഥാനത്തിൽ താൻ ട്രഷറിയിൽ 1,54510/- രൂപ ചെല്ലാൻ പ്രകാരം ഒടുക്കിയിട്ടുള്ളതാകുന്നു. ടി അനുമതിയുടെ അടിസ്ഥാനത്തിൽ 7574 MT മണ്ണ് നീക്കുന്നതിന് 947 പാസ്സ് അനുവദിച്ചിരുന്നതും, എന്നാൽ പ്രതികൂല കാലാവസ്ഥ കാരണം 795 പാസ് മാത്രമാണ് മണ്ണ് മാറ്റുന്നതിന് ഉപയോഗിച്ചത്. പ്രസ്തുത സ്ഥലം ചരിഞ്ഞ പ്രദേശവും ടിസ്ഥലത്തിന്റെ നാലിൽ ഒന്ന് ഭാഗവും ധാരളം പാറക്കെട്ടുകൾ നിറഞ്ഞതുമാകുന്നു. ആകയാൽ സ്ഥലത്തുള്ള പാറ നീക്കം ചെയ്യുന്നതിന് 68544/- രൂപ ട്രഷറിയിൽ ചെല്ലാൻ പ്രകാരം ഒടുക്കിയിട്ടുള്ളതും ആകുന്നു. സ്വന്തം ആവശ്യത്തിന് ഉപയോഗിച്ച് ബാക്കിവരുന്ന പാറ പൊട്ടിക്കുന്നതിന് അപേക്ഷ നല്കി പാസ് വാങ്ങിയിട്ടുള്ളതുമാകുന്നു. ആയതിൻപ്രകാരം 1400 MT പാറ പൊട്ടിക്കുന്നതിന് അനുമതി ലഭിച്ചിട്ടുള്ളതുമാകുന്നു. ടി-സ്ഥലത്തിന് ഉണ്ടായിരുന്ന പാറകൾ നീക്കം ചെയ്യുമ്പോൾ അതിനടിവശത്തുണ്ടായിരുന്ന മണ്ണ് സ്വഭാവികമായി ഇളകി വന്നിട്ടുള്ളതും അപ്രകാരം പാറകൾ നീക്കം ചെയ്തപ്പോൾ ഇളകിയ മണ്ണും അതിൽ ഉൾപ്പെട്ടിരുന്നു. ഇപ്രകാരം വസ്തുതകൾ നിലവിലിരിക്കെ താൻ 2772 MT മണ്ണ് അനുമതി നല്കിയ ഭൂമിയുടെ പുറത്ത് നിന്ന് ഖനനം ചെയ്തു എന്നും, ആയതിന് പെനാൽറ്റി ഇനത്തിൽ 5,54,400/- രൂപ ഒടുക്കണമെന്ന് ആവശ്യപ്പെട്ട 30/07/2024-ൽ തിരുവനന്തപുരം ജില്ലാ മൈനിംഗ് & ജിയോളജി വകുപ്പ് ഡിമാന്റ് നോട്ടീസ് നല്കിയിട്ടുള്ളതും, ആയതിൽ പ്രതിപാദിച്ചിരിക്കുന്ന കാര്യങ്ങൾ പൂർണ്ണമായും ശരിയല്ലാത്തതുമാകുന്നു. താൻ നിയമപ്രകാരമായി അനുവാദം നല്കിയിട്ടുള്ളതിൻ പ്രകാരമുള്ള ഖനനപ്രവൃത്തികൾ മാത്രമെ ടി വസ്തുവിൽ നടത്തിയിട്ടുള്ളൂ. ആകയാൽ ഡിമാന്റ് നോട്ടീൽ പറയും പ്രകാരമുള്ള തുക അടയ്ക്കുവാൻ ബാദ്ധ്യസ്ഥനല്ലാത്തതും ആകുന്നു. കൂടാതെ താമസിക്കുന്നതിന് വേണ്ടിയുള്ള വീട്ടു നിർമ്മാണത്തിനായിട്ടാണ് വസ്തുവിലെ മണ്ണ് നീക്കം ചെയ്തതും, കൂടാതെ അവിടെ ഉണ്ടായിരുന്ന പാറകൾ നീക്കം ചെയ്തതും. ഇപ്രകാരം പാറകൾ നീക്കം ചെയ്തപ്പോൾ അതോടൊപ്പം ഇളകി മാറിയ മണ്ണാണ് താൻ അനധികൃതമായി ഖനനം ചെയ്തു എന്ന് നോട്ടീസിൽ പ്രതിപാദിച്ചിരിക്കുന്നത്. ഇപ്രകാരമുള്ള വസ്തുതകളാൽ തനിക്ക്

30/07/2024-ൽ നല്കിയ നോട്ടീസിൽ പറഞ്ഞിരിക്കുന്ന പ്രകാരം ആവശ്യപ്പെട്ടിരിക്കുന്ന പ്രസ്തുത തുക അടയ്ക്കുന്നതിൽ നിന്ന് ഒഴിവാക്കി നല്കണമെന്ന് ആവശ്യപ്പെട്ടു.

4. അപ്പീൽ ഹർജിയിൽമേൽ മൈനിംഗ് & ജിയോളജി ഡയറക്ടർ പരാമർശം (3) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

നെടുമങ്ങാട് താലൂക്കിൽ അരുവിക്കര വില്ലേജിൽ ബ്ലോക്ക് 41-ൽ റീസർവ്വേ 11/16, 11/17-1,11/17 ൽ പ്പെട്ടതും അപ്പീൽ കക്ഷിയുടെ ഉടമസ്ഥതയിലുള്ളതുമായ വസ്തുവിൽ നിന്നും കെട്ടിട നിർമ്മാണത്തിന്റെ ഭാഗമയി 7574 മെടിക് ടൺ സാധാരണ മണ്ണ് നീക്കുന്നതിന് അരുവിക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ കെട്ടിടനിർമ്മാണ അനുമതികളുടെ അടിസ്ഥാനത്തിൽ 18-01-2023-ൽ അപ്പീൽ കക്ഷിക്ക് തിരുവന്തപുരം ജില്ലാ ഓഫീസിൽ നിന്ന് അനുമതി നല്കിയിരുന്നു. തുടർന്ന് അനുമതി പ്രകാരം മുഴവൻ മണ്ണും നീക്കം ചെയ്യുവാൻ സാധിച്ചില്ല എന്ന അപ്പീൽ കക്ഷിയുടെ അപേക്ഷ പരിഗണിച്ച് സ്ഥലപരിശോധന നടത്തി മുൻ അനുമതി പ്രകാരം ശേഷിച്ച 3800 മെടിക് ടൺ മണ്ണ് നീക്കുന്നതിന് 08.03.2023 ൽ അനുമതി പുതുക്കി നല്കുകയുണ്ടായി. 13.07.2023 ൽ അപ്പീൽ കക്ഷി സമർപ്പിച്ച അപേക്ഷയിൽ മണ്ണ് നീക്കം ചെയ്തപ്പോൾ കണ്ട പാറ നീക്കുന്നതിന് അനുമതി ആവശ്യപ്പെടുകയും ഇതിന്റെ അടിസ്ഥാനത്തിൽ 05.08.2023-ൽ നടത്തിയ പരിശോധനയിൽ 1400 മെടിക് ടൺ ഉരുളൻ പാറ ഉള്ളതായി കാണുകയും പഞ്ചായത്ത് പെർമിറ്റ് നല്കിയിട്ടുള്ളത് വാസഗൃഹ നിർമ്മാണത്തിനാണ് എന്നിരിക്കെ (റെസിഡൻഷ്യൽ ബിൽഡിംഗ്) ആയത് നീക്കം ചെയ്യുവാൻ അനുമതി നല്കുന്നതിന്റെ ഭാഗമായി 16.8.23-ന് ചെല്ലാൻ അനുവദിച്ചിരുന്നുവെങ്കിലും സ്ഥലമുടമ യഥാസമയം ചെല്ലാൻ ഒടുക്കൽ വരുത്തിയിരുന്നില്ല. തുടർന്ന് 09.2.2024 ന് ജില്ലാ ഓഫീസിൽ എത്തിയ അപ്പീൽ കക്ഷി സാമ്പത്തിക പ്രശ്നങ്ങൾ കാരണം ചെല്ലാൻ ഒടുക്കുവാൻ സാധിച്ചില്ല എന്നും ചെല്ലാന്റെ കാലാവധി അവസാനിച്ച സാഹചര്യത്തിൽ പുതുക്കിയ ചെലാൻ നല്കണമെന്നും അപേക്ഷ സമർപ്പിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ 09.02.24 ന് പുതുക്കിയ ചെലാൻ അനുവദിക്കുകയും ആയത് ഒടുക്കൽ വരുത്തി 04.03.2024 ന് ഹാജരാക്കുകയും ചെയ്തു. ഈ സമയം മണ്ണ് നീക്കുന്നതിന് പെർമിറ്റ് നല്കി ഒരു വർഷം കഴിഞ്ഞ സാഹചര്യത്തിൽ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരമുള്ള കെട്ടിടത്തിന്റെ അടിത്തറ നിർമ്മാണം പൂർത്തിയാക്കി അറിയിച്ചാൽ മാത്രമേ പുതിയ അനുമതി പരിഗണിക്കുവാൻ സാധിക്കു എന്ന് സ്ഥലമുടമയെ അറിയിച്ചിരുന്നു എന്ന് ജില്ലാ ജിയോളജിസ്റ്റ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

അരുവിക്കര പോലീസ് സ്റ്റേഷൻ എസ്.എച്ച്ഒ യുടെ 15.4.24 ലെ 149/ജിഎൽ/2024 നമ്പർ കത്തിൽ അപ്പീൽ കക്ഷിയുടെ നേതൃത്വത്തിൽ ടിയാളുടെയും സമീപത്തുള്ള മറ്റ് ആൾക്കാരുടെയും വസ്തുവിൽ നിന്ന് അനധികൃതമായി മണ്ണ്/പാറ എന്നിവ ഖനനം ചെയ്ത് എടുത്തതായും ടി വിഷയം പരിശോധിച്ച് റിപ്പോർട്ട് നല്കണമെന്നും അറിയിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 16.4.2024, 17.4.2024 തീയതിയികളിൽ ജില്ലാ ഓഫീസിൽ നിന്നും നടത്തിയ പരിശോധനയിൽ അപ്പീൽ അപേക്ഷകന്റെ വസ്തുവിന് പുറത്തുനിന്നും ഖനനം നടന്നതായും കൂടാതെ വസ്തുവിന്റെ ഒരു ഭാഗത്ത് കെട്ടിടത്തിന്റെ അടിത്തറ നിർമ്മാണം നടത്തിയതായും കണ്ടെത്തിയിരുന്നു. ഈ സാഹചര്യത്തിൽ അനധികൃത ഖനനം നടത്തിയതിന്റെ വിശദാംശങ്ങൾ അറിയിക്കുന്നതിനും അടിത്തറ നിർമ്മാണം നടത്തിയത് ബിൽഡിംഗ് പെർമിറ്റ് പ്രകാരമാണോ എന്നും ആരാഞ്ഞ് 20.4.2024 ന് പഞ്ചായത്ത് സെക്രട്ടറിക്ക് കത്ത് നല്കുകയുണ്ടായി. ഇത് സംബന്ധിച്ച വിശദമായ റിപ്പോർട്ട് അരുവിക്കര എസ്എച്ച്ഒ ക്കും

നല്കിയിരുന്നു. തുടർന്ന് പഞ്ചായത്തിൽ നിന്നും യാതൊരു മറുപടിയും ലഭിക്കാത്ത സാഹചര്യത്തിൽ കുറ്റൻ പാറ ആയതിനാൽ പാറ നീക്കുന്നതിലേക്കായി പാറയുടെ ചുറ്റുമുള്ള മണ്ണ് നീക്കം ചെയ്യേണ്ടതായി വന്നു എന്നും അധികമായി നീക്കം ചെയ്ത മണ്ണ് വസ്തുവിൽ തന്നെ ഉള്ളതായും ഇപ്രകാരം നീക്കിയ മണ്ണ് വസ്തുവിൽ തന്നെ നിക്ഷേപിക്കുവൻ സന്നദ്ധനാണ് എന്നും ബാക്കി വരുന്ന മണ്ണും പാറയും നീക്കുന്നതിന് അനുമതി നല്കണമെന്നും അറിയിക്കുകയുണ്ടായി.

അപ്പീൽ കക്ഷി അനധികൃതമായി പെർമിറ്റ് അനുവദിച്ച സ്ഥലത്തിന് വെളിയിൽ നടത്തിയ ഖനനത്തിനാണ് ജില്ലാ ഓഫീസിൽ നിന്നും നിയമടപടി സ്വീകരിച്ചിട്ടുള്ളത്. ഈ സാഹചര്യത്തിൽ അപ്പീൽ നിരസിച്ച് ഉത്തരവാകേണ്ടതാണ് എന്നാണ് നിർദ്ദേശിച്ചിരിക്കുന്നത്.

5. അപ്പീൽ കക്ഷിയുടെ വാദത്തിന്റെയും ഡി.എം.ജിയുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ അപ്പീൽ അധികാരി ഇക്കാര്യം പരിശോധിച്ചു. അപ്പീൽ കക്ഷി അനധികൃതമായി മണ്ണ് ഖനനം ചെയ്തുവെന്ന അരുവിക്കര എസ്.എച്ച്.ഒയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വകുപ്പിൽ സേവനം അനുഷ്ഠിക്കുന്ന സർവ്വേയറുടെ സഹായത്താൽ 08.5.2024 ന് അപ്പീൽ കക്ഷിയുടെ വസ്തുവിൽ ടോട്ടൽ സ്റ്റേഷൻ സർവ്വേ നടത്തുകയും, സർവ്വേയറുടെ റിപ്പോർട്ട് പരിശോധിച്ചതിൽ നിന്നും അപ്പീൽകക്ഷി ഡവലപ്‌മെന്റ് ഏരിയ്ക്കുള്ളിൽ നിന്നും 2973.96 ക്യൂബിക് മീറ്റർ മണ്ണും ഡവലപ്‌മെന്റ് ഏരിയക്കു പുറത്തുനിന്നും 1386.05 ക്യൂബിക് മീറ്റർ മണ്ണും നീക്കം ചെയ്തതായി കാണുകയുണ്ടായി. പെർമിറ്റ് അനുവദിച്ച സ്ഥലത്ത് അനുവദിച്ച അളവിന് ഉപരിയായി മണ്ണ് നീക്കിയിട്ടില്ലാത്തതിനാൽ ഏരിയക്കു പുറത്തു നടത്തിയ ഖനനത്തിന് (1386.65 ക്യൂബിക് മീറ്റർ - 2772 മെട്രിക് ടൺ) വിശദീകരണം ആവശ്യപ്പെട്ട് 08.7.2024 ന് അപ്പീൽ കക്ഷിക്ക് കാരണം കാണിക്കൽ നോട്ടീസ് നല്കുകയുണ്ടായി. കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ ചട്ടം 14 ലെ വ്യവസ്ഥകൾ പ്രകാരം ഡവലപ്‌മെന്റ് ഏരിയക്ക് പുറത്തു നടത്തുന്ന ഖനനം അനധികൃതമായതിനാൽ അപ്പീൽ കക്ഷിയുടെ വിശദീകരണം തൃപ്തികരമല്ല എന്ന് കാണുകയും ഈ സാഹചര്യത്തിൽ 2772 മടിക് ടൺ മണ്ണിന് പെനാൽറ്റി ഇനത്തിൽ (2772 x200) 5,54,400/- ഒടുക്കുന്നതിന് 30.07.2024 ന് അപ്പീൽ കക്ഷിക്ക് ഡിമാന്റ് നോട്ടീസ് നല്കുകയും ചെയ്തിരുന്നു. ഈ വസ്തുതകളിൽ നിന്നും അപ്പീൽ കക്ഷി അനധികൃതമായി 2772 MT മണ്ണ് ഖനനം നടത്തിയിട്ടില്ല എന്ന വാദത്തിൽ കഴമ്പുള്ളതായി കാണുന്നില്ല. വീട് നിർമ്മാണത്തിന്റെ മറവിൽ നടത്തിയ അനധികൃ ഖനനത്തിന് കെ.എം.എം.സി ചട്ടം പ്രകാരമുള്ള പെനാൽറ്റി ഒടുക്കുവാൻ അപ്പീൽ കക്ഷി ബാദ്ധ്യസ്ഥനാണ്. ഈ സാഹചര്യത്തിൽ 30/07/2024-ൽ ജിയോളജിസിസ്റ്റ് നല്കിയ ഡിമാന്റ് നോട്ടീസ് നിലനിറുത്തികൊണ്ടും അതു പ്രകാരമുള്ള തുടർ നടപടികൾ അടിയന്തരമായി സ്വീകരിക്കുവാനും ജിയോളജിസ്റ്റിന് നിർദ്ദേശം നല്കിയും ശ്രീ.ജയകുമാർ.ബി, ശ്രീചക്രം, മാറനല്ലൂർ, കുവളശ്ശേരി.പി.ഒ, തിരുവനന്തപുരം പരാമർശം (2) പ്രകാരം സമർപ്പിച്ച അപ്പീൽ ഹർജി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബി അജിത
അഡിഷണൽ സെക്രട്ടറി

ശ്രീ.ജയകുമാർ.ബി, ശ്രീചക്രം, മാറനല്ലൂർ, കുവളശ്ശേരി.പി.ഒ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ & ഇ), തിരുവനന്തപുരം.
ഡയറക്ടർ, മൈനിംഗ് & ജിയോളജി, തിരുവനന്തപുരം.

ജില്ലാ ജിയോളജിസ്റ്റ്, തിരുവനന്തപുരം
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ വകുപ്പ്)
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sachin V R
Date: 27-04-2026 17:25:58
സെക്ഷൻ ഓഫീസർ